## പതിനാലാം കേരളനിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *248** 13/03/2020 -ൽ മറുപടിയ്ക്ക്

**പത്താംക്ലാസ്,ഹയർസെക്കന്ററി പരീക്ഷകളുടെ നടത്തിപ്പ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ്<br>,, ജോർജ് എം. തോമസ്<br>,, മുരളി പെരുനെല്ലി<br>,, വി.കെ.പ്രശാന്ത് : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) ഈ വർഷത്തെ പത്താംക്ലാസ്, ഹയർസെക്കന്ററി പരീക്ഷകൾ സുഗമമായും പരാതിരഹിതമായും നടത്തുന്നതിന് ജാഗ്രത്തായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ സുഗമമായി നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയിരുന്നു. എസ്.എസ്.എൽ.സി. ചോദ്യപേപ്പറുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ സ്റ്റോറേജ് സെന്ററിൽ സൂക്ഷിക്കുകയും മതിയായ പോലീസ് കാവൽ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ കേന്ദ്രങ്ങൾക്ക് ആവശ്യമായ ചോദ്യപേപ്പറുകൾ വിവിധ സ്റ്റോറേജ് സെന്ററുകളിൽ നിന്നും സോർട്ട് ചെയ്ത് ട്രഷറി/ബാങ്ക് ലോക്കറിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. മുൻകരുതലായി ഉത്തരക്കടലാസുകൾ വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ അധികമായി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചോദ്യപേപ്പർ വിതരണം സുഗമമായി നടത്തുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ ജില്ലാ പോലീസ്

| | |
|---|---|
| | സൂപ്രണ്ട് ഉൾപ്പെടെയുള്ള അംഗങ്ങൾ ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരീക്ഷാവേളയിലെ ക്രമക്കേടുകൾ തടയുന്നതിനായി പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിൽ വിവിധ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പരീക്ഷാ കേന്ദ്രത്തിലേക്കും ആവശ്യാനുസരണം ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ നിയമിച്ചിട്ടുണ്ട്. ചോദ്യപേപ്പറുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ സുരക്ഷിതമായി എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ കേന്ദ്രത്തിൽ കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തിപ്പിനായി ആവശ്യമായ രീതിയിലുള്ള ക്രമീകരണം ചെയ്യാൻ ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാരിൽ നിന്ന് വ്യത്യസ്തമായി പാഠപുസ്തകങ്ങളും സ്കൂൾ യൂണിഫോമുകളും യഥാസമയത്ത് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) 2019-20 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ അതാത് ടേമുകൾക്ക് മുമ്പേ തന്നെ വിതരണം പൂർത്തീകരിച്ചിരുന്നു. 2020-21 അധ്യയന വർഷത്തെ ഒന്നാം വോള്യം പാഠപുസ്തകങ്ങൾ ഇതിനകം തന്നെ വിതരണം ആരംഭിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോമുകളുടെ വിതരണം ഏറെക്കുറെ പൂർത്തിയാക്കിയിട്ടുണ്ട്. |

(സി) പാഠ്യപദ്ധതിയുടെ ഭാരത്തിനനുസൃതമായി നിർണയിച്ചിട്ടുള്ള സാധ്യായ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) അവിചാരിതമായി നഷ്ടപ്പെടുന്ന അധ്യയന ദിനങ്ങൾ ശനിയാഴ്ചകൾ പ്രവർത്തി ദിവസമാക്കി ക്രമീകരിച്ചിരുന്നു.

(ഡി) അക്കാദമിക മികവിന്റെ മാനകമായി വാർഷിക പരീക്ഷക്ക് അമിത പ്രാധാന്യം ലഭിച്ചുവരുന്നുണ്ടോ; പഠിതാക്കളുടെ സമഗ്ര വിലയിരുത്തൽ പ്രക്രിയയിൽ മാറ്റം സാധ്യമാണോ; വിശദമാക്കാമോ?

(ഡി) ഒരു പഠനത്തിന്റെ ഭാഗമായി ഇത്തരത്തിലൊരു നിഗമനം എസ്.സി.ഇ.ആർ.റ്റി. രൂപീകരിച്ചിട്ടില്ല. സ്കൂൾ അധിഷ്ഠിത വിലയിരുത്തൽ പദ്ധതിയുടെ ഭാഗമായി അനുഗുണമായ ചില മാറ്റങ്ങൾ സാദ്ധ്യമാണ്. 'സഹിതം' പോലുള്ള ചില വിലയിരുത്തൽ മേഖലയിലെ ഇടപെടലുകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ